ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.06.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. വിദേശ പര്യടനത്തിന്റെ ആദ്യ പാദത്തിൽ ഫ്രാൻസിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഊഷ്മള സ്വീകരണം. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണുമായി ഇന്ന് കൂടിക്കാഴ്ച.

   Prime Minister Narendra Modi has arrived in Nice, France, on the first leg of his two-nation visit. PM will hold talks with the French President Emmanuel Macron.

2. ഫ്രാൻസിൽ നടക്കാനിരിക്കുന്ന ജി7 ഉച്ചകോടിയോടനുബന്ധിച്ച് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഉൾപ്പടെയുള്ള ലോക നേതാക്കളുമായി പ്രധാനമന്ത്രി ചർച്ച നടത്തും.

   Prime Minister Narendra Modi will meet US President Donald Trump and other world leaders during G7 Summit in France.

3. കേരളത്തിൽ നിപാ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി ആരോഗ്യവകുപ്പ്. സ്ഥിതിഗതികൾ വിലയിരുത്താൻ ആരോഗ്യമന്ത്രി കെ.മുരളീധരൻ ഇന്ന് കോഴിക്കോട്.

   The Health Department has intensified Nipah prevention activities in Kerala. Health Minister K. Muraleedharan will visit Kozhikode today to assess the situation.

4. ഇറാനുമായുള്ള യുദ്ധം അവസാനിപ്പിക്കുന്നതിനുള്ള കരാറിൽ ഇന്ന് ഒപ്പുവെക്കുമെന്ന് അമേരിക്ക. കരാറിൽ ഉടൻ ഒപ്പുവയ്ക്കില്ലെന്ന് ഇറാൻ.

US President Donald Trump has said a deal to end the war with Iran will be signed today. Meanwhile, Iran has said the signing of any agreement is unlikely to take place immediately.

5. കേരളത്തിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് നാല് ജില്ലകളിൽ മഞ്ഞ ജാഗ്രത.

IMD has predicted rain with thunderstorms and strong winds in Kerala. Yellow alert in four districts today.

6. ഫിഫ ലോകകപ്പിൽ ബ്രസീൽ- മൊറോക്കോ മത്സരം സമനിലയിൽ. ICC വനിത T20 ലോക കപ്പ് ക്രിക്കറ്റിൽ ഇന്ന് ഇന്ത്യ - പാകിസ്ഥാൻ പോരാട്ടം.

In FIFA World Cup, Brazil-Morocco match ended in a tie. In ICC Women's T20 World Cup cricket, India will face Pakistan today.

&&&&&&&&&&&&&&&&&&&&&&&&

## PM NICE VISIT

വിദേശ പര്യടനത്തിന്റെ ആദ്യ പാദത്തിൽ ഫ്രാൻസിലെ നീസിൽ എത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഊഷ്മള വരവേൽപ്പ്. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണുമായി അദ്ദേഹം ഇന്ന് കൂടിക്കാഴ്ച നടത്തും. ഇന്ത്യയുടെ നവീകരണ - സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ പ്രദർശിപ്പിക്കുന്ന ഭാരത് ഇന്നൊവേറ്റ്സ് പരിപാടിക്ക് പ്രധാനമന്ത്രിയും ഫ്രഞ്ച് പ്രസിഡന്റും സംയുക്തമായി ഇന്ന് തുടക്കം കുറിക്കും. തുടർന്ന് പ്രധാനമന്ത്രി സ്ലോവാക്യയിലേക്ക് തിരിക്കും. നീസിൽ തനിക്ക് ലഭിച്ച ഊഷ്മള സ്വീകരണത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ത്യൻ പ്രവാസികൾക്ക് നന്ദി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&

## PM - SLOVAKIYA - VISIT (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദർശനം സ്ലോവാകിയ ഇന്ത്യ സഹകരണത്തിൽ പുതിയ അവസരങ്ങൾക്കു വഴിയൊരുക്കുമെന്ന് സ്ലോവാക് പ്രസിഡന്റ് പറഞ്ഞു.

കൂടുതൽ വിവരങ്ങളുമായി സ്ലോവാക് റിപബ്ലിക്കിലെ ബ്രാട്ടിസ്ലാവിയയിൽ നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി... (വോയ്സ്)

&&&&&&&&&&&&&&&&&&&&&&&&

## TRUMP-PM MODI

ഫ്രാൻസിൽ നടക്കാനിരിക്കുന്ന ജി7 ഉച്ചകോടിയോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഉൾപ്പടെയുള്ള ലോക നേതാക്കളുമായി കൂടിക്കാഴ്ച നടത്തും. ബുധനാഴ്ച, പ്രസിഡന്റ് ട്രംപ് പ്രധാനമന്ത്രിയുമായി നടത്തുന്ന കൂടിക്കാഴ്ചയിൽ സാമ്പത്തിക വളർച്ച, വിതരണ ശൃംഖലകൾ, നിർമിത ബുദ്ധി, ആഗോള സുരക്ഷാ വെല്ലുവിളികൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുമെന്ന് വൈറ്റ് ഹൗസ് വൃത്തങ്ങൾ അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&&

## ONLINE YOGA SESSION

അന്താരാഷ്ട്ര യോഗ ദിനത്തിന് മുന്നോടിയായി, ആയുഷ് മന്ത്രാലയം സംഘടിപ്പിക്കുന്ന ആഗോള ഓൺലൈൻ യോഗ പരിപാടി പുരോഗമിക്കുന്നു. രാവിലെ 6:15 മുതൽ 7:35 വരെയുള്ള ഓൺലൈൻ യോഗ സെഷനിൽ 130-ലധികം രാജ്യങ്ങളിൽ നിന്നുള്ളവർ പങ്കെടുക്കുന്നുണ്ട്. ആയുഷ് മന്ത്രി പ്രതാപ് റാവു ജാദവും സംരംഭത്തിന്റെ ഭാഗമായി. പരിപാടിയിൽ രജിസ്റ്റർ ചെയ്ത എല്ലാവർക്കും വാട്ട്സ്ആപ്പ് നമ്പറിൽ ഡിജിറ്റൽ പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുമെന്ന് മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&&

## ISRO-LUNAR LANDER (INTRO)

ചന്ദ്രോപരിതലത്തിലെ അതി ശൈത്യത്തിൽ നിന്നും ലാൻഡറുകളെ സംരക്ഷിക്കുന്നത് ലക്ഷ്യമിട്ടു കൃത്രിമ താപ സംവിധാനം വികസിപ്പിക്കാൻ ആണവോർജ്ജ വകുപ്പുമായി സഹകരിക്കുന്നതായി ISRO ചെയർമാൻ വി നാരായണൻ.

ഒരു റിപ്പോർട്ട്.... (വോയ്സ്)

## ISRO-LUNAR LANDER (VOICE)

രാത്രി സമയങ്ങളിൽ ചന്ദ്രനിലെ താപനില മൈനസ് 129 സെൽഷ്യസ് വരെ താഴാറുണ്ട്.ചന്ദ്ര ഉപരിതലത്തിലെ ഈ തണുപ്പിനെ

അതിജീവിച്ചു 200 ദിവസത്തിൽ അധികം പ്രവർത്തിക്കാൻ സാധിക്കുന്ന ലാൻഡർ വികസിപ്പിക്കുന്നത് ലക്ഷ്യമിട്ടാണ് നീക്കം. ബംഗളുരുവിൽ നടന്ന CSIR-RISE കോൺക്ലേവിനെ അഭിസംബോധന ചെയ്യവെയാണ് ISRO ചെയർമാൻ ഇക്കാര്യങ്ങൾ വ്യക്തമാക്കിയത്. സൗരോർജത്തിൽ പ്രവർത്തിച്ച ചന്ദ്രയാൻ 3 ലൂണാർ ലാൻഡറിനു 14 ദിവസം മാത്രമാണ് ആയുസുണ്ടായിരുന്നത്. എന്നാൽ കൃതിമ താപ സംവിധാനങ്ങൾ കൂടി ചേരുന്നതോടെ ഭാവി ദൗത്യങ്ങളിൽ കൂടുതൽ വിശദമായി ചന്ദ്രനെ പഠിക്കാൻ കഴിയും. CSIR ഉം ISRO യും തമ്മിൽ നാല്പതോളം സാങ്കേതിക മേഖലകളിൽ ഒരുമിച്ചു പ്രവർത്തിക്കാൻ ധാരണയായതായി അറിയിച്ച ശ്രീ.വി നാരായണൻ ,ഇതിൽ 17 എണ്ണത്തിന്റെ ആദ്യഘട്ട നടപ്പാക്കലിന് അനുമതി ലഭിച്ചതായും അറിയിച്ചു. ഗഗൻയാൻ ദൗത്യത്തിലെ യാത്രികരുടെ ആരോഗ്യ പാലനം ലക്ഷ്യമിട്ടു ശാസ്ത്ര സാങ്കേതിക വകുപ്പ്, സ്വകാര്യ മേഖലയിലെ പ്രമുഖർ എന്നിവരുമായി സമാനമായ ഗവേഷണ പങ്കാളിത്തങ്ങൾക്ക് രൂപം നൽകിയതായും അദ്ദേഹം വെളിപ്പെടുത്തി.

**ന്യൂസ് ഡെസ്ക് ആകാശവാണി.....**

&&&&&&&&&&&&&&&&&&&&&&&&

## GOVT-12 YRS EASE OF LIVING

കഴിഞ്ഞ 12 വർഷത്തിനിടെ വിവിധ മേഖലകളിൽ ശ്രദ്ധേയമായ പരിവർത്തനത്തിനാണ് ഇന്ത്യ സാക്ഷ്യം വഹിച്ചത്. രാജ്യത്തെ പൗരന്മാരുടെ ജീവിതം സുഗമമാക്കുന്നതിന് ഈ കാലയളവിൽ നിരവധി പദ്ധതികൾ നടപ്പാക്കി. ജിഎസ്ടി, ഡിജിറ്റൽ ഇന്ത്യ , ഭാരത്‌നെറ്റ് പദ്ധതി തുടങ്ങിയ സംരംഭങ്ങളിലൂടെ ജീവിത സൗകര്യം മെച്ചപ്പെടുത്തുന്നതിനൊപ്പം പൗരന്മാരെ രാഷ്ട്രനിർമാണത്തിൽ പങ്കാളികളാക്കുകയും ചെയ്തു.

&&&&&&&&&&&&&&&&&&&&&&&&

## NIPAH

കേരളത്തിൽ നിപാ ജാഗ്രത തുടരുന്നു. ആരോഗ്യവകുപ്പ് സംസ്ഥാനത്ത് നിപ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. നിപ സാഹചര്യം വിലയിരുത്താനായി കേന്ദ്ര സംഘം കോഴിക്കോട് എത്തി. സ്ഥിതിഗതികൾ വിലയിരുത്താൻ ആരോഗ്യമന്ത്രി

കെ.മുരളീധരൻ ഇന്ന് കോഴിക്കോട് എത്തും. നിപ സ്ഥിരീകരിച്ച രാമനാട്ടുകര സ്വദേശി കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിൽ തുടരുകയാണ്. അതിനിടെ സമ്പർക്കപ്പട്ടികയിലുള്ള 3 പേരുടെ പരിശോധന ഫലം നെഗറ്റീവ് ആയി. സമ്പർക്ക പട്ടികയിൽ ഉള്ള 4 പേരെ കൂടി ഇന്നലെ നിരീക്ഷണത്തിനായി ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

&&&&&&&&&&&&&&&&&&&&&&&&

## SHIGELLA

സംസ്ഥാനത്ത് ആരോഗ്യ - ഭക്ഷ്യസുരക്ഷാ വകുപ്പുകളുടെ നേതൃത്വത്തിൽ ഷിഗല്ല പ്രതിരോധ പ്രവർത്തനങ്ങൾ തുടരുന്നു. വയനാട്, മലപ്പുറം, തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ ഷിഗെല്ല രോഗബാധ സ്ഥിരീകരിച്ചിട്ടുണ്ട്. ഇന്നലെ തൃശൂർ വടക്കാഞ്ചേരി മംഗലത്ത് 2 കുട്ടികൾക്ക് രോഗബാധ സ്ഥിരീകരിച്ചു. പ്രദേശത്ത് ബോധവൽക്കരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&&&&&&&&&

## US-IRAN DEAL

ഇറാനുമായുള്ള യുദ്ധം അവസാനിപ്പിക്കുന്നതിനുള്ള കരാറിൽ ഇന്ന് ഒപ്പുവെക്കുമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ഇതിന്റെ ഭാഗമായി തന്ത്രപ്രധാനമായ ഹോർമുസ് കടലിടുക്ക് എല്ലാവർക്കുമായി തുറന്നുകൊടുക്കുമെന്നും ട്രംപ് സാമൂഹിക മാധ്യമത്തിലൂടെ അറിയിച്ചു. എന്നാൽ കരാർ പ്രതീക്ഷിച്ച രീതിയിൽ മുന്നോട്ട് പോയില്ലെങ്കിൽ തിരിച്ചടിയുണ്ടാകുമെന്നും ട്രംപ് പറഞ്ഞു. അതേസമയം, കരാറിൽ ഒപ്പുവയ്ക്കുന്നത് ഉടനടി നടക്കാൻ സാധ്യതയില്ലെന്ന് ഇറാൻ വിദേശകാര്യ മന്ത്രാലയ വക്താവ് എസ്മായിൽ ബഗായ് അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&&

## RAIN -KERALA

കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ മഞ്ഞ

ജാഗ്രതയാണ്. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കില്ല.

&&&&&&&&&&&&&&&&&&&&&&&&

## FIFA WORLD CUP (INTRO)

ഫിഫ ലോകകപ്പിലെ തങ്ങളുടെ കന്നി മത്സരത്തിൽ ബ്രസീലിനു സമനില. ഇന്ന് പുലർച്ചെ നടന്ന മത്സരത്തിൽ മൊറോക്കോയാണ്, മുൻ ചാമ്പ്യന്മാരെ 1-1 സമനിലയിൽ തളച്ചത്.

**ആകാശവാണിക്ക് വേണ്ടി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ്ബാബു തയ്യാറാക്കിയ റിപ്പോർട്ട്..........**

ഗ്രൂപ് സി യിലെ തന്നെ ഹെയ്റ്റി-സ്കോട്ട്ലൻഡ് മത്സരം ഇപ്പോൾ പുരോഗമിക്കുകയാണ്. ഗ്രൂപ് ഡി യിൽ രാവിലെ 9.30 നു നടക്കുന്ന മത്സരത്തിൽ ഓസ്ട്രേലിയ തുർക്കിയയെ നേരിടും.

&&&&&&&&&&&&&&&&&&&&&&&&

## ICC WOMEN WORLD CUP

ICC വനിത T20 ലോക കപ്പ് ക്രിക്കറ്റിൽ ഇന്ന് ഇന്ത്യ - പാകിസ്ഥാൻ പോരാട്ടം. ബിർമിംഹാമിൽ രാത്രി 7 മണിക്കാണ് മത്സരം.

&&&&&&&&&&&&&&&&&&&&&&&&

## AL-HIND-UAE-CONSULAR-SERVICE

യുഎഇയിലെ ഇന്ത്യൻ പാസ്പോർട്ട്, വിസ, കോൺസുലർ സേവനങ്ങൾ കൈകാര്യം ചെയ്യുന്ന ഏജൻസിയിൽ മാറ്റം വരുത്തിയതായി അറിയിപ്പ്. നിലവിലെ സേവനദാതാക്കളായ BLS International, SGIVS Global എന്നിവ ജൂൺ 30 വരെയാകും അപേക്ഷകൾ സ്വീകരിക്കുക. ജൂലൈ 1 മുതൽ Al Hind Tours and Travels LLC ആയിരിക്കും പുതിയ സേവനദാതാവ്. ജൂലൈ 1-ന് മുമ്പ് നൽകിയ അപേക്ഷകൾ BLS, SGIVS കേന്ദ്രങ്ങൾ കൈകാര്യം ചെയ്യും. അപേക്ഷകർ ഔദ്യോഗിക വെബ്സൈറ്റുകളും സ്ഥിരീകരിച്ച സമൂഹ മാധ്യമ അക്കൗണ്ടുകളും മാത്രമേ ആശ്രയിക്കാവൂ എന്ന് എംബസി നിർദേശിച്ചു.

&&&&&&&&&&&&&&&&&&&&&&&&

## MOHAN BHAGAVATH

ആർ.എസ്.എസ്. സർസംഘചാലക് മോഹൻ ഭാഗവത് ഇന്ന് തൃശ്ശൂരിൽ. ആർ എസ് എസ് ശതാബ്ദിയുടെ ഭാഗമായി തൃശ്ശൂരിൽ സംഘടിപ്പിക്കുന്ന പ്രഭാഷണ സഭയിൽ അദ്ദേഹം പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&&&&&

## CENSUS

2027 സെൻസസിന്റെ ഭാഗമായ സെൽഫ് എന്യൂമറേഷൻ സൗകര്യം സംസ്ഥാനത്ത് ഈ മാസം 16 മുതൽ 30 വരെ ലഭ്യമാകും. ജൂലൈ 1 മുതൽ 30 വരെയാണ് സെൻസസിന്റെ ഒന്നാം ഘട്ടം. രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ സെൻസസാണ് ആരംഭിക്കുന്നത്.

&&&&&&&&&&&&&&&&&&&&&&&&

## PADMA AWARD

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ ഈ മാസം 23 ന് നടക്കുന്ന ചടങ്ങിൽ നടൻ മമ്മൂട്ടി പദ്മഭൂഷൺ സ്വീകരിക്കും. കഴിഞ്ഞ മാസം ആദ്യം, 66 പേർക്ക് പത്മ പുരസ്കാരം സമ്മാനിച്ചിരുന്നു.

&&&&&&&&&&&&&&&&&&&&&&&&

## COMMUNICATION DRONE

ഹിമാചൽ പ്രദേശിലെ തപാൽ വകുപ്പ് ഡ്രോൺ അധിഷ്ഠിത മെയിൽ ട്രാൻസ്മിഷൻ സേവനം ആരംഭിച്ചതായി കേന്ദ്ര മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ. വിദൂരവും ദുർഘടവുമായ ഭൂപ്രദേശങ്ങളിൽ വേഗതയേറിയതും കാര്യക്ഷമവുമായ കണക്റ്റിവിറ്റി ഉറപ്പാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. മണ്ടി ഹെഡ് പോസ്റ്റ് ഓഫീസിനും റെഹാർധർ ബ്രാഞ്ച് പോസ്റ്റ് ഓഫീസിനും ഇടയിലാണ് ഈ സേവനം ആരംഭിച്ചത്. നിലവിൽ ഇവയെ തമ്മിൽ ബന്ധിപ്പിക്കാൻ രണ്ട് മണിക്കൂറിലധികം സമയം എടുക്കും . ഡ്രോൺ അധിഷ്ഠിത ട്രാൻസ്മിഷൻ ഉപയോഗിച്ച്, ഗതാഗത സമയം ഏകദേശം ഏഴ് മിനിറ്റായി കുറഞ്ഞതായി മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&

&&&&&&&&&&&&&&&